# ACADEMIC MASTER PLAN

2025-2026

JULY 5, 2025

GOVT:LPS KUMMANNOOR
Kummannoor, konni

# അക്കാദമിക മാസ്റ്റർ പ്ലാൻ

# 2025-26



## മികവിന്റെ പടവുകൾ കയറി

## ഗവ: എൽ.പി.എസ്സ്. കുമ്മണ്ണൂർ


glpskummannoor@gmail.com

**കുമ്മണ്ണൂർ-കോന്നി-പത്തനംതിട്ട**


GOVT. L. P. S, KUMMANNOOR
★ EST.1952 ★

# ആമുഖം

ഗവൺമെന്റ് എൽ. പി. എസ് കുമ്മണ്ണൂരിൽ 2025-26 അധ്യയനവർഷത്തിൽ ഒന്നു മുതൽ 5 വരെ ക്ലാസ്സുകളിൽ ആയി 30 കുട്ടികൾ പഠിക്കുന്നു. പൊതുവിദ്യാലയ പ്രവർത്തനങ്ങൾ ആകർഷകമാക്കുന്നതിനും, സമഗ്ര ഗുണമേന്മ വിദ്യാഭ്യാസം മെച്ചപ്പെ ടുത്തുന്നതിനും, സമൂഹത്തിലെ എല്ലാ വിഭാഗം കുട്ടികളെയും വിദ്യാലയ പ്രവർത്തനങ്ങളുടെ ഭാഗമാക്കുന്നതിനും, കുട്ടികളിലെ സമൂലമായ വികാസംസാധ്യമാക്കുക എന്നീ ലക്ഷ്യങ്ങൾ മുൻനിർത്തി കൊണ്ടാണ് 2025-26 വർഷത്തെ അക്കാദമിക മാസ്റ്റർ പ്ലാൻ രൂപീകരിച്ചിരിക്കുന്നത്.

2025-26 അദ്ധ്യായന വർഷത്തിൽ G.L.P.S കുമ്മണ്ണൂരിൽ പഠിക്കുന്ന മുഴുവൻ കുട്ടികളെയും ഉൾക്കൊള്ളുന്നതും പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികൾക്കും പ്രാധാന്യം നൽകി അവരെ മറ്റു കുട്ടികളോടൊപ്പം ചേർക്കാനും ഉതകുന്ന തരത്തിൽ പ്രവർത്തന പദ്ധതികൾ രൂപീകരിച്ചിരിക്കുന്നു.

എഴുത്ത് വായന തുടങ്ങിയ പ്രാഥമിക ആവശ്യങ്ങൾക്ക് പുറമേ സർഗാത്മക രചനയ്ക്കും പ്രവർത്തനങ്ങളിൽ പങ്കാളിത്തം ഉറപ്പുവരുത്തുകയും ചെയ്യുന്നു. വിദ്യാലയത്തെ പാഠ്യ-പാഠ്യേതര പ്രവർത്തനങ്ങൾ കൂടുതൽ മെച്ചപ്പെടുത്തുന്നതിനും പൊതുസമൂഹത്തെ വിദ്യാലയത്തിലേക്ക് ആകർഷിക്കുന്നതിനും കുട്ടികളുടെസമഗ്ര പുരോഗതിക്കുമായി ആസൂത്രണം ചെയ്തിരിക്കുന്ന ഈ അക്കാദമിക മാസ്റ്റർ പ്ലാൻ അതിൻറെ ഉദ്ദേശലക്ഷ്യങ്ങൾ നേടിയെടുക്കുമെന്ന് ഉറപ്പോടെയും അഭിമാനത്തോടുകൂടിയും സമർപ്പിക്കുന്നു.

പി.ടി.എ. പ്രസിഡന്റ്

ഹെഡ്മിസ്ട്രസ്

സ്റ്റാഫ്, എം.പി.ടി.എ

# പൊതുലക്ഷ്യങ്ങൾ

- സ്കൂളിൽ എത്തുന്ന എല്ലാ കുട്ടികൾക്കും അതത് ക്ലാസിൽ നേടേണ്ട ശേഷികൾ കൈവരിച്ചു എന്ന് ഉറപ്പുവരുത്തുക.
- എല്ലാ കുട്ടികൾക്കും ഇംഗ്ലീഷ് മലയാളം ഭാഷകൾ എഴുതാനും വായിക്കാനും കഴിവ് ഉറപ്പുവരുത്തുക
- കുട്ടിയുടെ അഭിരുചിക്കും കഴിവിനും അനുസരിച്ച് പാഠ്യപാഠ്യേതര പ്രവർത്തനങ്ങളിൽ പ്രോത്സാഹനവും പിന്തുണയും നൽകുക.
- വായന ഒരു ദിനചര്യ ആക്കുന്ന തരത്തിൽ പ്രവർത്തനങ്ങൾ ചിട്ടപ്പെടുത്തുക.
- വിവരസാങ്കേതിക വിദ്യയുടെ സാധ്യതകൾ സുലഭമാക്കി പഠനഭാരം കുറയ്ക്കുന്നതിനും ഡിജിറ്റൽ അച്ചടക്കം പാലിക്കുന്നതിനുമുള്ള അറിവ് നേടിയെടുക്കുക.
- ഓരോ ടേമിലും കുട്ടി നേടേണ്ട അറിവുകൾ പരിശോധിക്കാൻ ഇടക്കാല പരീക്ഷകൾ നടത്തുക.
- സൂക്ഷ്മപേശി വികാസവും, വൈകാരിക നിയന്ത്രണവും, കേന്ദ്രീകരണ പ്രവർത്തനങ്ങളും ഉൾപ്പെടുത്തി കുട്ടികളിലെ ഹൈപ്പർആക്ടീവ് പ്രവണതകളെ നിയന്ത്രിക്കുക.
- ലഘു പരീക്ഷണങ്ങളിൽ ഏർപ്പെടുന്നതിനും നിരീക്ഷണ ഫലങ്ങൾ പറയുവാനും എഴുതുവാനുമുള്ള കഴിവ് രൂപീകരിക്കുക.
- പാഠഭാഗവുമായി ബന്ധപ്പെട്ട വർക്ക്ഷീറ്റുകൾ പരമാവധി ഉൾപ്പെടുത്തുക
- വിദ്യാലയം അറിവ് നേടാനുള്ള ഒരു വേദിമാത്രമല്ല സമഗ്രമായ മാറ്റത്തിന്റെ കേന്ദ്രമാകുന്നു
- കുട്ടികളിൽ സ്വതന്ത്രമായ ആശയപ്രകടന ശേഷി വർദ്ധിപ്പിക്കുന്നതിനും അപകർഷതാബോധം, പിൻവലിയൽ എന്നിവ മാറ്റിയെടുക്കാനും ഉതകുന്ന നിരന്തര പ്രവർത്തനങ്ങൾ ഉൾപ്പെടുത്തുക
- ജൈവവൈവിധ്യ കലവറയായി വിദ്യാലയത്തെ മാറ്റുക
- സ്കൂൾ പ്ലാസ്റ്റിക് ഫ്രീ ക്യാമ്പസ് ആക്കി മാറ്റുക
- മാലിന്യ സംസ്കരണ പ്രവർത്തനങ്ങളിൽ കുട്ടികളെയും പങ്കാളികളാക്കി മാലിന്യങ്ങൾ വേർതിരിക്കാനും അതുവഴി തന്റെ സാമൂഹ്യ ഉത്തരവാദിത്വങ്ങളെ കുറിച്ച് ബോധവാന്മാരാക്കുകയും ചെയ്യുന്നു

- ഫാസ്റ്റ് ഫുഡ്,സോഫ്റ്റ് ഡ്രിങ്ക്സ്,മൊബൈൽ എന്നിവയിലെ അഡിക്ഷൻ ഒഴിവാക്കാനുള്ള നിരന്തരപ്രവർത്തനങ്ങൾ രക്ഷിതാക്കൾക്ക് ബോധവൽക്കരണപ്രവർത്തനങ്ങൾ എന്നിവ നടത്തുന്നു
- സൂമ്പ പരിശീലനം സർഗ്ഗ വേളയുടെ ഭാഗമായി തന്നെ നടത്തുന്നു
- കുട്ടികളിലെ കായിക ക്ഷമത വർദ്ധിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ചിട്ടയായി നടത്തിവരിക
- രാസ ലഹരി,പകർച്ചവ്യാധികൾ വ്യക്തി ശുചിത്വം എന്നിവയിൽ ആവശ്യമായ സമയങ്ങളിൽ ബോധവൽക്കരണവും നൽകുക

## ലക്ഷ്യങ്ങൾ

### *ഭാഷാ വികസനം*

എല്ലാ കുട്ടികളെയും അർത്ഥപൂർണ്ണമായി വായിക്കുന്നതിനും എഴുതുന്നതിനും പ്രാപ്തരാക്കുക. എല്ലാ കുട്ടികൾക്കും അവരവരുടെ ക്ലാസുകൾക്ക് അനുയോജ്യമാകുന്ന തരത്തിലുള്ള ആശയവിനിമയശേഷി നേടിയെന്ന് ഉറപ്പുവരുത്തുക. കുട്ടികളിൽ സാഹിത്യ അഭിരുചി വളർത്തുക. സർഗാത്മക രചനയ്ക്കുള്ള അവസരം സൃഷ്ടിക്കുക. ആശയങ്ങൾ വിവിധതരത്തിൽ ആവിഷ്കരിക്കുന്നതിനുള്ള കഴിവ് നേടുക. ഭാഷ ശേഷി വികസനത്തിനായി ഐസിടി സാധ്യതകൾ പ്രയോജനപ്പെടുത്തുക. വായനാശീലം വളർത്തുക.

### *ഇംഗ്ലീഷ്*

അക്ഷരങ്ങൾ ഉറപ്പിക്കുന്നതിനുള്ള അക്ഷര കാർഡുകൾ പ്രയോജനപ്പെടുത്തുക. ലളിതമായ വാക്കുകളും വാചകങ്ങളും സ്വതന്ത്രമായി വായിക്കാനുള്ള ശേഷി നേടിയെടുക്കുക. ഓരോ ക്ലാസിലും നേടിയെടുക്കേണ്ട ശേഷികൾക്ക് അനുസരിച്ച് ഇംഗ്ലീഷിലുള്ള സംഭാഷണ അവസരങ്ങൾ ഉൾപ്പെടുത്തുക. ഇംഗ്ലീഷിലുള്ള ആവിഷ്കാരങ്ങൾക്ക് അവസരം ഒരുക്കുക. സ്വതന്ത്ര വായനയ്ക്കും എഴുത്തിനും കുട്ടികളെ സജ്ജരാക്കുക.

ഇംഗ്ലീഷ് ഭാഷ വികസനത്തിന് ഐസിടി സാധ്യതകൾ പ്രയോജനപ്പെടുത്തുക. ക്ലാസ് ലൈബ്രറി പ്രയോജനപ്പെടുത്തുക.

## *പരിസര പഠനം*

ശാസ്ത്ര പഠനത്തിൽ താല്പര്യം വളർത്തുക. ശാസ്ത്ര ബോധം ശാസ്ത്രീയ മനോഭാവം എന്നിവ വികസിപ്പിക്കുക. ആധുനിക ശാസ്ത്ര ഉപകരണങ്ങൾ പ്രയോജനപ്പെടുത്താനുള്ള കഴിവ് നേടിയെടുക്കുക.ലഘുപരീക്ഷണങ്ങളിൽ ഏർപ്പെടുന്നതിനും നിരീക്ഷണങ്ങളിൽ നിന്നും നിഗമനങ്ങൾ രൂപീകരിക്കുന്നതിനുള്ള കഴിവുകൾ നേടിയെടുക്കുക. ആധുനിക ശാസ്ത്ര സാങ്കേതികവിദ്യ സാധ്യതകൾ ശാസ്ത്ര പഠനത്തിനായി പ്രയോജനപ്പെടുത്തുക

## *പ്രകൃതി നിരീക്ഷണം*

പ്രകൃതി നടത്തം അഭിമുഖങ്ങൾ എന്നിവയിലൂടെ പ്രകൃതിയെ നിരീക്ഷിക്കാനും ചുറ്റുപാടുമുള്ള മാറ്റങ്ങളെ തിരിച്ചറിയാനും കഴിയുക.

സാമൂഹിക അവബോധം ജനാധിപത്യ വേദികൾ ഒരുക്കുക. സമൂഹത്തിന്റെ മുന്നോട്ടുള്ള പോക്കിന് തന്റെ ഉത്തരവാദിത്വം തിരിച്ചറിഞ്ഞ് പ്രവർത്തിക്കുന്നതിന് പ്രാപ്തരാക്കുക. ജനാധിപത്യ ജീവിത സംസ്കാരം വളർത്തിയെടുക്കുക. സഹപാഠികൾക്കിടയിലെ ജനാധിപത്യ മര്യാദകൾ തിരിച്ചറിയുന്നതിനും അതിനനുസരിച്ച് പ്രവർത്തിക്കുന്നതിനും ഉള്ള കഴിവ് നേടിയെടുക്കുക. ദിനാചരണങ്ങൾ ബോധവൽക്കരണ പരിപാടികൾ ചർച്ചകൾ സംവാദങ്ങൾ എന്നിവയിൽ പങ്കെടുക്കാനുള്ള മനോഭാവം വളർത്തിയെടുക്കുക

## *ഗണിതം*

അടിസ്ഥാന ഗണിത ആശയങ്ങൾ എല്ലാ കുട്ടികളും നേടിയെന്ന് ഉറപ്പാക്കുക. ഗണിതത്തെ ജീവിതവുമായി ബന്ധപ്പെടുത്തുക. ഓരോ ക്ലാസിലെയും പഠന നേട്ടങ്ങൾക്കനുസരിച്ച് ഉള്ള ഗണിതശേഷികൾ നേടി എന്ന് ഉറപ്പുവരുത്തുക. ഗണിത പഠനത്തിൽ ഐസിടി സാധ്യതകൾ പ്രയോജനപ്പെടുത്തുക. ഗണിത ചിന്ത വിശകലനശേഷി എന്നിവ എല്ലാ കുട്ടികളിലും വളർത്തിയെടുക്കുക.

## *ഐസിടി*

ഐസിടി സാധ്യതകൾ പ്രയോജനപ്പെടുത്തൽ വിവരസാങ്കേതികവിദ്യയെ ഫലപ്രദമായി പ്രയോജനപ്പെടുത്തുക. അറിവ് നിർമാണ പ്രക്രിയയിൽ വിവരസാങ്കേതികവിദ്യയുടെ അനന്തസാധ്യതകൾ ഉപയോഗപ്പെടുത്തുക. കുട്ടികൾക്ക് സ്വതന്ത്രമായും നിർഭയമായും കമ്പ്യൂട്ടറുകൾ ഉപയോഗിക്കാനുള്ള സാഹചര്യം ഒരുക്കുക.

## *പ്രവർത്തിപരിചയം*

നിർമ്മാണാത്മക കഴിവുകൾ എല്ലാ കുട്ടികളിലും വികസിപ്പിക്കുക. പാഴ്വസ്തുക്കളിൽ നിന്നും പഠനോപകരണങ്ങൾ പ്രയോജനപരമായ ഉൽപ്പന്നങ്ങളും ഉണ്ടാക്കാനുള്ള കഴിവ് വികസിപ്പിക്കുക. ഇതര വിഷയങ്ങളിൽ പ്രവർത്തിപരിചയവുമായി ബന്ധപ്പെട്ട പഠന അനുഭവങ്ങൾ പ്രയോജനപ്പെടുത്തുക.

## *കലാപരിശീലനം*

കുട്ടികളുടെ സർഗാത്മക കഴിവുകൾ കണ്ടെത്തുക. കലാഭി രുചി വളർത്തുക. ഓരോ കുട്ടിയുടെയും സവിശേഷമായ കഴിവിന്റെ വികസനത്തിന് അവസരം ഒരുക്കുക. ആധുനിക ശാസ്ത്ര സാങ്കേതികവിദ്യ കലാ പഠനത്തിൽ ഉൾപ്പെടുത്തുക.

## *ആരോഗ്യ കായിക വിദ്യാഭ്യാസം*

എല്ലാ കുട്ടികൾക്കും കായിക ആരോഗ്യ ക്ഷമത ഉറപ്പാക്കുക. ആരോഗ്യ ശീലങ്ങൾ വളർത്തുക. ആരോഗ്യ കായിക വിദ്യാഭ്യാസം എല്ലാകുട്ടികൾക്കും ഉറപ്പുവരുത്തുക. സ്കൂൾ ക്യാമ്പസും വീടുംമാലിന്യമുക്തമാക്കാനും മനോഭാവം വളർത്തിയെടുക്കുക.

# വിദ്യാലയത്തിൽ പ്രതീക്ഷിക്കുന്ന മാറ്റങ്ങൾ

- ❖ ഭാഷാശേഷി വികസനത്തിൽ ഊന്നിയ അക്കാദമിക മാസ്റ്റർപ്ലാൻ സമയബന്ധിതമായി നടപ്പിലാക്കുന്നതിലൂടെ സ്വായത്തമാക്കിയ വാക്കുകൾ ഉപയോഗിച്ച് തെറ്റില്ലാതെ ലഘു ബാലസാഹിത്യ കൃതികൾ വായിക്കുന്നതിനും അനുഭവങ്ങളും ആശയങ്ങളും തെറ്റില്ലാതെ സ്വന്തം ഭാഷയിൽ എഴുതുന്നതിനും കഴിവ് നേടുന്നു.
- ❖ രക്ഷിതാക്കളുടെ സഹായത്തോടെ കുട്ടികൾ  സംയുക്ത ഡയറി എഴുതി തുടങ്ങുകയും തുടർന്ന് സ്വതന്ത്ര രചയിതാക്കൾ ആവുകയും ചെയ്യും.
- ❖ സ്വായത്തമാക്കിയ വാക്കുകൾ ഉപയോഗിച്ചുള്ള സ്വതന്ത്ര സർഗാത്മക രചനകളിൽ ഏർപ്പെടുന്നതിന് കുട്ടികൾക്ക് അവസരം ഒരുക്കുന്നു
- ❖ കുട്ടിക്കഥകൾ കുട്ടിക്കവിതകൾ എന്നിവ നിർമ്മിക്കുന്നു
- ❖ സചിത്ര പാഠപുസ്തകം കുട്ടികളെ കൂടുതൽ പ്രകൃതിയോട് അടുപ്പിക്കുന്നു. ത ന്മൂലം പ്രകൃതിയോട് ഇണങ്ങിയ ശീലം ഉള്ളവരായി മാറുന്നു.
- ❖ എല്ലാ പാഠ്യമേഖലകളിലെയും ആശയം ഉൾക്കൊണ്ട് അവതരിപ്പിക്കുന്ന റീഡേഴ്സ് തിയേറ്റർ കുട്ടികളിൽ സമൂലമായ മാറ്റം സൃഷ്ടിക്കുന്നു
- ❖ വായനോത്സവം, പാട്ടരങ്ങ്, രച നോത്സവം എന്നിവയിൽ രക്ഷിതാക്കളെയും പങ്കെടുപ്പിച്ച് ജനകീയമാക്കുന്നതിലൂടെ കുഞ്ഞുങ്ങളുടെ ആത്മവിശ്വാസം വർദ്ധിപ്പിക്കുന്നു.
- ❖ സ്കൂളിലെ പ്രവർത്തനങ്ങൾ  സജീവമാക്കാൻ രക്ഷിതാക്കളുടെ സജീവ പങ്കാളിത്തം ഉറപ്പാക്കുന്നതിന് ക്ലാസ് PTA ശക്തിപ്പെടുത്തുന്നു.
- ❖ പഠനോത്സവത്തിൽ വിഷയ ബന്ധിതമായ പ്രവർത്തനങ്ങൾ ചിട്ടപ്പെടുത്തുന്നു.
- ❖ സ്കൂളിന് പൊതുസമൂഹത്തിന്റെ അംഗീകാരം ലഭ്യമാക്കും.
- ❖ കുട്ടികളിലെ മൊബൈൽ അഡിക്ഷൻ കുറയ്ക്കാൻ സൂമ്പ പോലുള്ള പ്രവർത്തനങ്ങൾ ഉൾപ്പെടുത്തുന്നു.
- ❖ ഭിന്നശേഷി കുട്ടികൾക്കായി അനുരൂപീകരണ പ്രവർത്തനങ്ങൾ ചിട്ടപ്പെടുത്തുന്നു

## *പ്രവർത്തനങ്ങൾ*

- മലയാളം ഇംഗ്ലീഷ് വിഷയങ്ങളുടെ അക്ഷരകാർഡുകൾ നിർമ്മാണം.
- ചെറിയ വായന കാർഡുകളുടെ നിർമ്മാണം.
- സൂക്ഷ്മപേശി വികാസത്തിന് ആവശ്യമായ നിർമ്മാണ പ്രവർത്തനങ്ങളിലും കായിക പ്രവർത്തനങ്ങളിലും ഏർപ്പെടുക.
- റീഡിങ് കാർഡുകൾ നിർമ്മിക്കുക.
- ക്ലാസ് ലൈബ്രറി നിർമിക്കുക.
- ലഘു പരീക്ഷണങ്ങളിൽ എല്ലാവരെയും പങ്കാളികളാക്കുക.
- അടുക്കളത്തോട്ട നിർമ്മാണം ജൈവവൈവിധ്യ പാർക്ക് പരിപാലനം സ്കൂൾ വൃത്തിയാക്കൽ ഇങ്ങനെയുള്ള പ്രവർത്തനങ്ങളിൽ കുട്ടികളെ ഉൾപ്പെടുത്തി സാമൂഹ്യ ബോധമുള്ളവരാക്കുക
- ശാരീരിക ക്ഷമത നേടുവാൻ ആവശ്യമായ കായിക പ്രവർത്തനങ്ങളിൽ പങ്കാളികളാവുക
- സൂമ്പ ഒരു വ്യായാമ ശീലമാക്കുക.
- ലഹരിവസ്തുക്കൾ സോഫ്റ്റ് ഡ്രിങ്ക് ഫാസ്റ്റ് ഫുഡ് മൊബൈൽ അഡിക്ഷൻ എന്നിവയുടെ ദോഷവശങ്ങൾ മനസ്സിലാക്കുന്നതിന് ആവശ്യമായ ബോധവൽക്കരണ ക്ലാസുകളിൽ കുട്ടിയെയും രക്ഷകർത്താവിനെയും ഒരുപോലെ പങ്കാളികളാക്കുക
- പകർച്ചവ്യാധികളെക്കുറിച്ചും അവ ചെറുക്കാനുള്ള മാർഗങ്ങളെ കുറിച്ചും ഉള്ള അവബോധം സൃഷ്ടിക്കുക.
- സ്കൂളിലും വീട്ടിലും സമൂഹത്തിലും ജനാധിപത്യ മര്യാദകൾ പാലിക്കാൻ കുട്ടികളെ പരിശീലിപ്പിക്കും
- കുട്ടികളിൽ സാഹിത്യാഭി രുചി വളർത്തുക
- മികച്ച വായനാശീലം വളർത്തുക.
- അർത്ഥപൂർണ്ണമായി വായിക്കാൻ കുട്ടികൾക്ക് കഴിയുക.
- ഭാവപ്രകടനം, ശബ്ദപ്രയോഗം സംഗീതാത്മക കത തുടങ്ങിയ വൈവിധ്യങ്ങളിലൂടെ ജ്ഞാനവും ആത്മവിശ്വാസവും വളർത്തുക.
- വായന താൽപര്യവും അഭിനയം വഴി വ്യക്തിത്വ വികസനവും ആണ് പ്രധാന ലക്ഷ്യം
- ഓരോ മാസത്തിലെ പഠന പ്രവർത്തനങ്ങളിലെ മികച്ച പ്രവർത്തനങ്ങൾ ഉൾകൊള്ളിച്ച് ക്ലാസ്സ് തല കയ്യെഴുത്തു മാഗസിൻ ഒരുക്കൽ.

- ❖ ആഴ്ചയിൽ ഒരു ദിനം കുട്ടികൾ തന്നെ അസംബ്ലിയുടെ മുഴുവൻ പരിപാടികളും ഇംഗ്ലീഷിൽ അവതരിപ്പിക്കുന്നു.
- ❖ ഇംഗ്ലീഷ് ഡയറി:ഓരോ ദിവസത്തെയും വീട്ടിലെയും വിദ്യാലയത്തിലെയും അനുഭവങ്ങൾ ഇംഗ്ലീഷിൽ എഴുതുക.
- ❖ :ഇംഗ്ലീഷ് ബുള്ളറ്റിൻ
- ❖ ഓരോ മാസവും ഏതെങ്കിലും വിഷയത്തെക്കുറിച്ച് ഇംഗ്ലീഷിൽ ബുള്ളറ്റിൻ ഒരുക്കുകവായന സാമഗ്രി
- ❖ രക്ഷിതാക്കളെ ഉപയോഗിച്ച് ഇംഗ്ലീഷ് റീഡിങ് കാർഡ് നിർമ്മിക്കൽ.
- ❖ ഭിന്ന നിലവാരക്കാരായ കുട്ടികൾക്കായി വർക്ക്ഷീറ്റുകൾ തയ്യാറാക്കുന്നു.
- ❖ അടിസ്ഥാന ഗണിത ശേഷി നേടുന്നതിന് നിരന്തരമായ പ്രവർത്തനങ്ങൾ നൽകുന്നു.
- ❖ ഗണിതത്തെ രസകരവും ഉല്ലാസകരവും ആക്കാൻ ഗണിത കേളികളിൽ ഏർപ്പെടുന്നു.
- ❖ ഉല്ലാസ ഗണിതം ഗണിത വിജയം പ്രവർത്തനങ്ങളുടെ തുടർച്ച എല്ലാ മാസവും ഉറപ്പുവരുത്തുന്നു.
- ❖ എല്ലാ ക്ലാസ്സ് യൂണിറ്റിലേക്കും പഠനനേട്ടങ്ങൾ ബന്ധപ്പെടുത്തി വർക്ക് ഷീറ്റ് തയ്യാറാക്കൽ.
- ❖ മാസവും കൃത്യമായി യൂണിറ്റ് ടെസ്റ്റുകൾ നടത്തുക
- ❖ ഗണിത മൂല-മുഴുവൻ ക്ലാസിലും ഗണിത മൂല ക്രമീകരിക്കൽ (മഞ്ചാടി കളിനോട്ട് കാർഡുകൾ തുടങ്ങിയവ)
- ❖ വ്യക്തിഗത മാസ്റ്റർ പ്ലാനിൽ കുട്ടികളുടെ നിലവാരം കൃത്യമായ രേഖപ്പെടുത്തുക.
- ❖ അടിസ്ഥാന ഗണിത ക്രിയകൾ എല്ലാം കുട്ടികൾക്കും ഉറപ്പാക്കാൻ - ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികൾക്കായി പ്രത്യേക പഠന പദ്ധതി ആസൂത്രണം ചെയ്യൽ ക്യാമ്പുകൾ ശില്പശാലകൾ സംഘടിപ്പിക്കുന്നു
- ❖ ഓരോ യൂണിറ്റിന്റെ അവസാനം മൂല്യനിർണയം നടത്തി പരിഹാരബോധനം ഉറപ്പുവരുത്തുന്നു.
- ❖ ഓരോ വിഷയവുമായി ബന്ധപ്പെട്ട പഠന വിടവ് നികത്തൽ പ്രവർത്തനങ്ങൾ രക്ഷിതാക്കളുടെ സഹായത്തോടു കൂടി സംഘടിപ്പിക്കുന്നു

- മൂന്ന് നാല് ക്ലാസിലെ ശാസ്ത്ര പരീക്ഷണങ്ങൾ ക്കി ണ ങ്ങും വിധം ആവശ്യമായ വസ്തുക്കൾ ശേഖരിച്ച് സൂക്ഷിക്കുന്നതിന് പരീക്ഷണക്കിറ്റ് തയ്യാറാക്കൽ.
- പരീക്ഷണക്കു'റിപ്പ്തയ്യാറാക്കുക -പരീക്ഷണങ്ങൾ രേഖപ്പെടുത്തുന്നതിന്റെ പ്രാധാന്യം മനസ്സിലാക്കുന്ന തരത്തിൽ പരീക്ഷണക്കുറിപ്പ് തയ്യാറാക്കാം.
- രീക്ഷനോത്സവം സംഘടിപ്പിക്കൽ- ക്ലാസ് മുറികളിൽ ശാസ്ത്രപ്രയോഗങ്ങൾ കാണിച്ച് അർത്ഥമാക്കുന്നതും കുട്ടികൾക്ക് അതിൽ പങ്കാളികളാകുന്നതും ആണ് അതിലൂടെ ലക്ഷ്യമിടുന്നത്.
- വിവിധതരം കളക്ഷനുകൾ ചിത്രരചന എന്നിവയിലൂടെ പ്രകൃതിയെ കൂടുതൽ അടുത്തറിയുന്ന തരത്തിൽ പഠന പ്രവർത്തനങ്ങൾ നിർവഹിക്കുന്നു
- സർഗ്ഗ വേളകളിലും ശാസ്ത്ര ക്ലബ്ബുമായി ബന്ധപ്പെട്ടും പരീക്ഷണങ്ങൾ ചെയ്യുന്നു
- ക്ലബ്ബ് പ്രവർത്തനങ്ങൾ കൃത്യമായി തന്നെ ചെയ്യുന്നു
- കർഷകമായിട്ടുള്ള ഇന്റർവ്യൂ, ഫീൽഡ് ട്രിപ്പ് എന്നിവ സംഘടിപ്പിക്കുന്നു.
-